ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

"ഭരണഭാഷ – മാതൃഭാഷ"

നമ്പർ.സി.1/7/2017/ റ്റി.സി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി,27.01.2017.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ ചെക്ക് പോസ്റ്റിലെ എം.വി.ഐ.മാർക്കും.

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്**– GSR 1183(E) – ഫീസ് വർദ്ധനവ്– സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1 കേന്ദ്ര സർക്കാരിന്റെ 29.12.2016-ലെ GSR 1183(E).
2 ഈ ഓഫീസിൽ നിന്നുള്ള 10.01.2017-ലെ ഇതേ നമ്പർ കത്ത്.

വാഹനങ്ങളുടെ രജിസ്ട്രേഷൻ,ലൈസൻസ്, മറ്റ് അനുബന്ധ സേവനങ്ങൾ എന്നിവയ്ക്കുള്ള ഫീസ് ഉയർത്തിക്കൊണ്ട് സൂചന (1) പ്രകാരം ലഭിച്ച ഉത്തരവിന്റെ പകർപ്പ് എല്ലാ ഓഫീസുകളിലേയ്ക്കും അയച്ചിട്ടുണ്ടായിരുന്നു (ഇ-മെയിൽ വഴിയും, വെബ്സൈറ്റ് വഴിയും). എന്നാൽ, പല സേവനങ്ങൾക്കും വിവിധ ഓഫീസുകളിൽ വ്യത്യസ്ഥ നിരക്കിലാണ് ഫീസ് ഈടാക്കുന്നതെന്നും ചില സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നുവെന്നും കാണിച്ച് ധാരാളം പരാതികളും പത്രവാർത്തകളും വന്നുകൊണ്ടിരിയ്ക്കുന്ന സാഹചര്യത്തിൽ തെറ്റായ ധാരണകൾ തിരുത്തുന്നതിനായി താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകുകയാണ്.

1. സൂചനപ്രകാരമുള്ള ഉത്തരവിൽ Smart Card Type ഡ്രൈവിംഗ് ലൈസൻസിന് 200/- രൂപ അധിക ഫീസായി ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് നൽകുന്ന ലാമിനേറ്റഡ് കാർഡിലുള്ള ഡ്രൈവിംഗ് ലൈസൻസിൽ, ഹോളോഗ്രാം, നാനോ പ്രിന്റിംഗ്, അൾട്രാ വയലറ്റ് ലൈറ്റിൽ തെളിയുന്ന കേരള സർക്കാർ ചിഹ്നം, തുടങ്ങിയ Smart Card –ലെ വിവിധ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിനാൽ, ഇതിനെ Smart Card Type വിഭാഗത്തിൽ ഉൾപ്പെടുത്തി 200/- രൂപ അധിക ഫീസ് വാങ്ങേണ്ടതാണ്. എന്നാൽ, ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസിന് കേരള മോട്ടോർ വാഹന ചട്ടത്തിലെ

ഫീസ് വാങ്ങേണ്ടതാണ്. എന്നാൽ, ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസിന് കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 34 അനുസരിച്ച് 500/- രൂപ ഫീസും സർവ്വീസ് ചാർജ്ജും മാത്രമേ ഈടാക്കുവാൻ പാടുള്ളൂ.

2. പുതിയ മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷൻ, പേര് മാറൽ തുടങ്ങി അനുബന്ധ സേവനങ്ങൾ എന്നിവയ്ക്ക് Smart Card –ന് ഏർപ്പെടുത്തിയിട്ടുള്ള 200/- രൂപ അധിക ഫീസ് ഈടാക്കുവാൻ പാടുള്ളതല്ല. നിലവിൽ ടി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ അത് ഭാവിയിൽ മറ്റ് സേവനങ്ങൾക്ക് വരുമ്പോൾ adjust ചെയ്ത് നൽകേണ്ടതാണ്.

3. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷനോടൊപ്പം ഹൈപ്പോത്തിക്കേഷൻ ഉൾപ്പെടുത്തുന്നതിനായി ഹൈപ്പോത്തിക്കേഷൻ എന്റോഴ്സ്മെന്റ് –ന്റെ ഫീസ് ഈടാക്കുവാൻ പാടുള്ളതല്ല. അതുപോലെ. ഹൈപ്പോത്തിക്കേഷൻ ടെർമിനേഷൻ-ന് സർവ്വീസ് ചാർജ്ജ് (75/- രൂപ) മാത്രമേ ഈടാക്കുവാൻ പാടുള്ളൂ.

4. കാലാവധി കഴിഞ്ഞ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ പുതുക്കുന്നതിനും മറ്റും ഏർപ്പെടുത്തിയ പുതുക്കിയ അധികഫീസ് നിരക്ക് സൂചന (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 29.12.2016 മുതൽ മാത്രമേ ഈടാക്കുവാൻ പാടുള്ളൂ. ടി സേവനങ്ങൾക്ക് 29.12.2016-ന് മുമ്പുള്ള കാലാവധിയ്ക്ക് പഴയ നിരക്കിൽ അധിക ഫീസ് വാങ്ങേണ്ടതാണ്.

5. സൂചന (1) പ്രകാരമുള്ള ഫീസ് നിരക്കുകൾ 29.12.2016 മുതൽ സ്വീകരിയ്ക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓൺലൈൻ അപേക്ഷകളിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

വിശ്വസ്തതയോടെ,

27/1/17

ട്രാൻസ്പോർട്ട് കമ്മീഷണർ

ജെ.എസ്.

മോട്ടോർ വാഹന വകുപ്പ്, കേരളം